| (1) | (2) | (3) | (4) |
|---|---|---|---|
| 3. കന്നുകാലി ഇൻഷ്വറൻസ് | 719 എണ്ണം | 2,04,288 രൂപ | |
| 4. ടർക്കി കോഴി വളർത്തൽ | 42 യൂണിറ്റ് | 90,000 രൂപ | പന്തലായനി വിയ്യൂർ, ചെമഞ്ചേരി, ചെങ്ങോട്ടു കാവ്, മൂടാടി, തിക്കോടി, ഇരിങ്ങൽ എന്നീ വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കി |
| 5. ആട് വളർത്തൽ | 10 യൂണിറ്റ് | 1,82,500 രൂപ | വിയ്യൂർ വില്ലേജിൽ പദ്ധതി നടപ്പിലാക്കി |
| 6. സംയോജിത മൃഗ സംരക്ഷണ പ്രവർത്ത നങ്ങൾ | 5 യൂണിറ്റ് | 71,350 രൂപ | വിയ്യൂർ വില്ലേജിൽ നടപ്പിലാക്കി |
| 7. ധാതുലവണങ്ങളും കാലിത്തീറ്റയും വിതരണം | 25 യൂണിറ്റ് | 90,750 രൂപ | വിയ്യൂർ വില്ലേജിൽ നടപ്പിലാക്കി |

## മൃഗസംരക്ഷണ മേഖലയിലെ പുരോഗതി

102 (4453) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ മേഖലയിൽ എന്തൊക്കെ പുരോഗതികളാണ് ഉണ്ടായിട്ടുള്ളതെന്നും കന്നുകാലി സമ്പത്തിന്റെ വർദ്ധനവ് എത്രയാണെന്നും വ്യക്തമാക്കുമോ ?

## ഉത്തരം

മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പുരോഗതികളുണ്ടായിട്ടുണ്ട്.

കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലും കൂടുതൽ ചികിത്സാ സൗകര്യങ്ങളും, രോഗനിർണ്ണയ ലബോറട്ടറികളും ശക്തിപ്പെടുത്തുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, ഇടുക്കി, കൊല്ലം, മലപ്പുറം എന്നീ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ആധുനികവല്ക്കരിക്കുകയും, കണ്ണൂർ, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട,

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മൃഗാശുപത്രികൾ ഇല്ലാത്ത 7 പഞ്ചായത്തുകളിൽകൂടി പുതിയ മൃഗാശുപത്രികൾ ആരംഭിച്ചു. കരുനാഗപ്പള്ളി മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക്ക് ആയി ഉയർത്തി.

പാലോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് വഴി നേരത്തേ ഉല്പാദിപ്പിച്ചിരുന്ന പ്രതിരോധ വാക്സിനുകൾക്ക് പുറമേ താറാവ് പ്ലേഗിനെതിരായിട്ടുള്ള വാക്സിൻ, അകിടുരോഗ നിയന്ത്രണ കിറ്റ്, ആന്റിബയോട്ടിക്ക് സെൻസിവിറ്റി കിറ്റ് തുടങ്ങിയവ ഉൽപ്പാദിപ്പിച്ചു തുടങ്ങി. ഇത് കൂടാതെ ആവശ്യമായ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റ് ഈ സ്ഥാപനത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ലാബിനെ ജി.പി.എം. നിലവാരത്തിൽ ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പാലോടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിനു പുറമേ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് -കണ്ണൂർ, തിരുവല്ലായിലുള്ള അനിമൽ ഡിസീസ് ഡയഗണോസ്റ്റിക് ലാബ്, പാലോട്, റിന്റർപെസ്റ്റ് ലാബ് എന്നിവിടങ്ങളിൽ പേവിഷബാധ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തി. 18 അതിർത്തി ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

2008 മുതൽ പുതുക്കിയ പ്രജനന നയം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 5/2008 മുതൽ കർഷകർക്ക് കൃത്രിമ ബീജധാനം സൗജന്യമാക്കിയിട്ടുണ്ട്. ആടുകളുടെ കൃത്രിമബീജധാനത്തിനായി സംസ്ഥാനത്ത് 729 കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. വർഷംതോറും 4.5 ലക്ഷം കറവപശുക്കൾക്ക് സൗജന്യമായി വിര മരുന്ന് നൽകിവരുന്നു.

എറണാകുളം ജില്ലയിലെ മരടിലുള്ള സമുദ്രോല്പാദന കന്നുകാലി കാർഷിക ഉൽപ്പന്നങ്ങളുടെ പരിശോധനാ ലാബിന്റെ പ്രവർത്തനം ആരംഭിച്ചു.

സംസ്ഥാനം പാലുല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കുളത്തൂപ്പുഴ, മാട്ടുപ്പെട്ടി, കോലാഹലമേട് എന്നീ സ്ഥലങ്ങളിൽ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വഴി കൃഷിക്കാർക്ക് മാതൃകയായി ഹൈടെക്ക് ഡയറി ഫാമുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോസുരക്ഷ പദ്ധതി പ്രകാരം കുറഞ്ഞ നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ സങ്കരയിനം കന്നുകാലികളുടെ വംശവർദ്ധനവിനായി ഉൽപ്പാദനക്ഷമത കൂടിയ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ക്ഷീരധാര പദ്ധതി പ്രകാരം ഉൽപ്പാദനക്ഷമത കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

ബീജം ബീജാധാന കേന്ദ്രങ്ങളിൽ ലഭ്യമാക്കി. ഗോസമൃദ്ധിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് സൗജന്യമായി കാലിത്തീറ്റ ഇൻഷ്വറൻസ് പരിരക്ഷ, വിരമരുന്ന്, കന്നുകുട്ടികൾക്കുള്ള തീറ്റ, മിനറൽ മിശ്രിതം എന്നിവ ലഭ്യമാക്കി. കൂടാതെ ഫ്രാൻസിൽ നിന്ന് 'മൊബിലിയാർഡ്' എന്ന് ജനുസ്സിന്റെ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യുവാനുള്ള ധാരണയിൽ എത്തിയിട്ടുണ്ട്.

ഭക്ഷ്യോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഫലമായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന രംഗത്ത് പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സുരക്ഷയ്ക്കായി 19 കോടി രൂപയും ഈ സാമ്പത്തിക വർഷം 33 കോടി രൂപയും പദ്ധതി വിഹിതത്തിൽ തുക ഉൾക്കൊള്ളിച്ച് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

ഇതുകൂടാതെ 2008-09 സാമ്പത്തിക വർഷം പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഒറ്റത്തവണ കേന്ദ്ര സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ച് ഇതിനായി 10 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി. ഇതിന്റെ ആദ്യ ഘട്ടമായി 3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (ജീവരേഖ). ഇതുകൂടാതെ വിദർഭ പദ്ധതി, ആർ.കെ.വി.വൈ., സുനാമി പുനരധിവാസ പദ്ധതി തുടങ്ങിയവ വഴി കൂടുതൽ കറവപശുക്കളെ ലഭ്യമാക്കിയിട്ടുണ്ട്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം ഓരോ സാമ്പത്തിക വർഷവും 4 മുതൽ 8 മാസം വരെ പ്രായമുള്ള 21,000 കന്നുകുട്ടികളെയും, 2000 എരുമകുട്ടികളെയും ഉൾപ്പെടുത്തി സൗജന്യനിരക്കിൽ തീറ്റ, രോഗപരിരക്ഷ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകി വരുന്നു.

കർഷകർക്ക് ഗുണനിലവാരമുള്ള തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി കരുനാഗപ്പള്ളിയിൽ കേരള ഫീഡ്സിന്റെ ആധുനിക കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ മലപ്പുറം ജില്ലയിലെ ആതവനാട്ട് ധാതുലവണ മിശ്രിത യൂണിറ്റ്, പാലക്കാട് മുതലമടയിൽ സമ്പുഷ്ടീകരിച്ച വൈക്കോൽകട്ട നിർമ്മാണ യൂണിറ്റ് എന്നീ പദ്ധതികൾക്ക് തുടക്കമിട്ടു.

ക്ഷീര, കോഴി, സംയോജിത മേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുംവേണ്ടി വിവിധ മേഖലകളിലെ മികച്ച കർഷകർക്ക് സംസ്ഥാനതല/ജില്ലാതല അവാർഡുകൾ നൽകിവരുന്നു.

നിലവിലുള്ള എൽ.എം.റ്റി.സി. കൾക്ക് പുറമേ കൊട്ടിയത്തും തലയോലപ്പറമ്പിലും പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ക്ഷീര

LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് മറ്റുള്ള സംസ്ഥാനങ്ങളിൽ പോയി ഈ മേഖലയിലെ നൂതന സംരംഭങ്ങളും മറ്റും കണ്ട് മനസ്സിലാക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിച്ചു. സ്കൂൾ കുട്ടികൾക്ക് മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ആഭിമുഖ്യം വളർത്തുന്നതിനായി മൃഗക്ഷേമ ക്ലബ്ബുകൾ സ്ഥാപിച്ചു വരുന്നു.

സംസ്ഥാനത്ത് കറവപശുക്കളുടെ എണ്ണം 2006-07-ൽ 11312 ആയിരുന്നത് 2008-09-ൽ 12517 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി 5-6-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 144/10 എ.ഡി. പ്രകാരം സംസ്ഥാനത്ത് ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് അനുമതി നൽകി. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ക്ഷീരവികസന മേഖലയിൽ താഴെപ്പറയുന്ന പുരോഗതികൾ കൈവരിച്ചിട്ടുണ്ട്.

പാൽ ഉൽപ്പാദനം 2005-06-ൽ 20.63 ലക്ഷം ടണ്ണായിരുന്നത് 2009-10-ൽ 25.85 ലക്ഷം ടണ്ണായി വർദ്ധിച്ചു.

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിലൂടെ ഏകദേശം 50,000 എണ്ണത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. ഈ കാലയളവിൽ 229 ക്ഷീര സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിച്ചു.

ക്ഷീരകർഷക ക്ഷേമനിധി രൂപീകരിച്ച് കർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, പെൺമക്കളുടെ വിവാഹ ധനസഹായം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം, ഇൻഷ്വറൻസ് വിദ്യാഭ്യാസ സ്കോളർഷിപ്പ് മുതലായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി.

ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സഹകരണ നിയമത്തിലെ 80-ാം വകുപ്പ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കി.

ക്ഷീര സഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുക വഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവെന്ന് ഉറപ്പാക്കി.

പാൽ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ആധുനിക ഡയറി ലബോറട്ടറി സ്ഥാപിച്ചു.

കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തി.

ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് നടപ്പിലാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്താൽ സംസ്ഥാനത്തെ കന്നുകാലികളെ എല്ലാ ജില്ലകളിലും ഇൻഷ്വർ ചെയ്യാൻ നടപടികൾ എടുത്തു. കൃത്രിമ ബീജസങ്കലനം പൂർണ്ണമായും സൗജന്യമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനഫലമായി മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പുരോഗതികളുണ്ടായിട്ടുണ്ട്. മുട്ടയുല്പാദന രംഗത്ത് 2005-06 സാമ്പത്തിക വർഷത്തിൽ 11,956 ലക്ഷമായിരുന്നത് 2007-08-ൽ 13,792 ലക്ഷമായും 2008-09 വർഷത്തിൽ 15,002 ലക്ഷമായും ഉയരുകയുണ്ടായി. 2000-01 മുതൽ 2005-06 വരെയുള്ള 5 വർഷങ്ങളിൽ 83.88 കോടിയുടെ കുറവ് രേഖപ്പെടുത്തിയ സ്ഥാനത്ത് 2006-07-ൽ 31 ലക്ഷത്തിന്റെയും 2007-08-ൽ 1805 ലക്ഷത്തിന്റെയും 2008-09-ൽ 1210 ലക്ഷത്തിന്റെയും അധിക ഉല്പാദനം സാധ്യമാക്കി. ഇപ്പോൾ ലഭ്യമായിരിക്കുന്ന കണക്കനുസരിച്ച് 2009-10-ൽ 165 കോടി മുട്ടയുല്പാദനം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. മുട്ടയുല്പാദനത്തിൽ 2005-06-നെ അപേക്ഷിച്ച് 34 ശതമാനം വളർച്ചാനിരക്കാണ് 2009-10-ൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനം 2006-07-ലെ 16184 ടണ്ണിൽ നിന്നും 2008-09-ൽ 19268 ടൺ ആയി വർദ്ധിക്കുകയുണ്ടായി. ആഭ്യന്തര കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ 17 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ആർ.കെ.വി.വൈ. പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പന്നിക്കൂട്, ബയോഗ്യാസ് പ്ലാന്റ് എന്നിവ പണിയുന്നതിനുള്ള ചെലവിന്റെ പകുതി സബ്സിഡി നിരക്കിൽ നൽകിവരുന്നു. പന്നിക്കുഞ്ഞുങ്ങളേയും പകുതി വിലയ്ക്ക് നൽകുന്നുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി ജനുസ്സിൽപ്പെട്ട പന്നികളെ വളർത്തുന്ന ഒരു പദ്ധതി എം.പി.ഐ.-കെ.എൽ.ഡി.ബി. സംയുക്തസംരംഭമായി നടപ്പിലാക്കി. എസ്.ബി.ഐ. യുമായി സഹകരിച്ച് പന്നിക്കുഞ്ഞുങ്ങളെ തമിഴ്നാട്ടിലെ കർഷകർക്ക് നൽകുന്ന ഒരു പദ്ധതിയും എം.പി.ഐ. നടപ്പാക്കി വരുന്നു.

## മൃഗസംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

103 (4454) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ബി) വെറ്ററിനറി സബ്സെന്ററുകളും, ആശുപത്രികളും മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സബ്സെന്ററുകൾ കേന്ദ്രീകരിച്ച് വളർത്തുമൃഗ പരിപാലനത്തെക്കുറിച്ചുംമറ്റും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly